No. CEE/2626/M.Pharm-2020/TA4

**കേരള സർക്കാർ**

**പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം**

ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തി നഗർ, തിരുവനന്തപുരം - 695 001

# വിജ്ഞാപനം

# എം.ഫാം കോഴ്സിലേയ്ക്കുള്ള പ്രവേശനം- 2020

# അപേക്ഷകൾ ക്ഷണിച്ചു

1. കേരളത്തിലെ സർക്കാർ ഫാർമസി കോളേജുകളിലേയ്ക്കും, സ്വാശ്രയ ഫാർമസി കോളേജുകളിൽ ലഭ്യമായ സർക്കാർ മെരിറ്റ് സീറ്റുകളിലേയ്ക്കും 2020–21 അദ്ധ്യയന വർഷത്തിലെ എം.ഫാം കോഴ്സിലേയ്ക്കുള്ള പ്രവേശനത്തിനായി ഗ്രാജ്വേറ്റ് ഫാർമസി ആപ്റ്റിറ്റ്യൂഡ് ടെസ്റ്റ് (GPAT) 2020 പരീക്ഷയിൽ യോഗ്യത നേടിയ വിദ്യാർത്ഥികളിൽ നിന്നും അപേക്ഷകൾ ക്ഷണിച്ചുകൊള്ളുന്നു.

2. **പ്രവേശനത്തിന് വേണ്ട യോഗ്യതകൾ:**

(a) **വിദ്യാഭ്യാസ യോഗ്യതകൾ:** കേരളത്തിലെ ഏതെങ്കിലും സർവ്വകലാശാലയിൽ നിന്നോ, അല്ലെങ്കിൽ കേരള യൂണിവേഴ്സിറ്റി ഓഫ് ഹെൽത്ത് സയൻസും, ആൾ ഇന്ത്യാ കൗൺസിൽ ഫോർ ടെക്നിക്കൽ എഡ്യൂക്കേഷൻ, ന്യൂഡെൽഹിയും, ഫാർമസി കൗൺസിൽ ഓഫ് ഇന്ത്യയും അംഗീകരിച്ച മറ്റ് സർവ്വകലാശാലകളിൽ നിന്നോ മൂന്ന് വർഷം കൂടി ആകെ മിനിമം 55% മാർക്കോടെ നേടിയ ബി.ഫാം ബിരുദം (ബി.ഫാം II, III, IV വർഷം). എസ്.സി/എസ്.ടി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾ മൂന്ന് വർഷം കൂടി 50% മാർക്ക് (ബി.ഫാം II, III, IV വർഷം) നേടിയാൽ മതിയാകും. കേരളത്തിന് പുറത്തുള്ള സർവ്വകലാശാലകളിൽ നിന്നും ബി.ഫാം പരീക്ഷ വിജയിച്ച വിദ്യാർത്ഥികൾ കേരള യൂണിവേഴ്സിറ്റി ഓഫ് ഹെൽത്ത് സയൻസിന്റെ അംഗീകാരം അക്കാദമിക് ഡാറ്റ നൽകുന്നതിനുള്ള അവസാന തീയതിയ്ക്ക് മുൻപ് വാങ്ങിയിരിക്കേണ്ടതാണ്.

(b) **നേറ്റിവിറ്റി:** അപേക്ഷകൻ കേരളീയനായ ഇന്ത്യൻ പൗരനായിരിക്കണം.

(c) **വയസ്:** ജനറൽ വിഭാഗം അപേക്ഷകർക്ക് ഉയർന്ന പ്രായ പരിധി ഇല്ല. സർവ്വീസ് വിഭാഗത്തിലുള്ള അപേക്ഷാർത്ഥികൾക്ക് ഉയർന്ന പ്രായ പരിധി പ്രോസ്പെക്ടസ് ക്ലോസ് 8.1 പ്രകാരമായിരിക്കും.

3. **യോഗ്യതാ മാനദണ്ഡം:** സർവ്വീസ് വിഭാഗക്കാർ ഉൾപ്പെടെ എല്ലാ അപേക്ഷകരും നാഷണൽ ടെസ്റ്റിംഗ് ഏജൻസി (NTA) നടത്തിയ GPAT-2020 പരീക്ഷയിൽ യോഗ്യത നേടുകയും പ്രവേശന പരീക്ഷാ കമ്മീഷണർ തയ്യാറാക്കുന്ന റാങ്ക് ലിസ്റ്റിൽ ഉൾപ്പെടുകയും വേണം. അപേക്ഷാർത്ഥികളായ ജനറൽ വിഭാഗക്കാർ GPAT-2020 പരീക്ഷയിൽ കുറഞ്ഞ യോഗ്യതയായ **163** സ്കോർ നേടിയിരിക്കണം. എന്നാൽ ഒ.ബി.സി വിഭാഗക്കാർക്ക്–**131,** എസ്.സി വിഭാഗക്കാർക്ക്–**103**, എസ്.ടി വിഭാഗക്കാർക്ക് –**76** EWS വിഭാഗക്കാർക്ക് –**104** എന്നീ സ്കോറുകൾ മതിയാകും. ശാരീരിക വൈകല്യമുള്ള വിഭാഗക്കാർക്ക് പ്രത്യേക മിനിമം സ്കോർ പറഞ്ഞിട്ടില്ലാത്തതിനാൽ മുകളിൽ പറഞ്ഞ വിഭാഗക്കാരുടെ (ജനറൽ/ഒ.ബി.സി/എസ്.സി./എസ്.ടി/ EWS) കാറ്റഗറിയിൽ വരുന്ന ശാരീരിക വൈകല്യമുള്ളവർക്ക് അതാത് കാറ്റഗറിക്കാരുടെ മിനിമം മാർക്ക് ബാധകമായിരിക്കും.

4. **പ്രവേശന രീതി:** GPAT-2020 റാങ്ക് ലിസ്റ്റിന്റെയും പ്രോസ്പെക്ടസ് ക്ലോസ് 3 പ്രകാരമുള്ള നിശ്ചിത യോഗ്യതകളുടെയും അടിസ്ഥാനത്തിൽ പ്രവേശന പരീക്ഷാ കമ്മീഷണർ തയ്യാറാക്കുന്ന റാങ്ക് ലിസ്റ്റിന്റേയും വിവിധ സംവരണ വിഭാഗങ്ങൾക്കുള്ള കാറ്റഗറി ലിസ്റ്റിന്റേയും അടിസ്ഥാനത്തിലായിരിക്കും സർവ്വീസ് വിഭാഗക്കാർ ഉൾപ്പെടെ എല്ലാ അപേക്ഷകർക്കും പ്രവേശനം നൽകുന്നത്. GPAT-2020 സ്കോറിൽ തുല്യത വരുന്ന സന്ദർഭത്തിൽ സർവ്വീസ് വിഭാഗക്കാർ ഉൾപ്പെടെയുള്ള അപേക്ഷാർത്ഥികളുടെ ബി.ഫാം പരീക്ഷയിലെ ഉയർന്ന മാർക്ക് പരിഗണിക്കുന്നതായിരിക്കും. വീണ്ടും തുല്യത വരുന്ന പക്ഷം വിദ്യാർത്ഥികളുടെ പ്രായം പരിഗണിച്ച് റാങ്ക് തയ്യാറാക്കുന്നതായിരിക്കും.

5. **അപേക്ഷിക്കേണ്ട വിധം :**

2020 ലെ GPAT പരീക്ഷയിൽ യോഗ്യത നേടിയിട്ടുള്ള സർവ്വീസ് വിഭാഗക്കാർ ഉൾപ്പെടെ എല്ലാ അപേക്ഷാർത്ഥികളും പ്രവേശന പരീക്ഷാ കമ്മീഷണറുടെ www.cee.kerala.gov.in എന്ന വെബ്സൈറ്റിലൂടെ **17.03.2021മുതൽ 25.03.2021 വൈകുന്നേരം 4 മണി വരെ** അപേക്ഷകൾ ഓൺലൈനായി സമർപ്പിക്കേണ്ടതാണ്. ഓൺലൈൻ അപേക്ഷാ സമർപ്പണവേളയിൽ അപേക്ഷകൻ ബന്ധപ്പെട്ട എല്ലാ രേഖകളും പ്രോസ്പെക്ടസ് ക്ലോസ് 9.2.4 ലെ നിബന്ധനകൾക്കനുസൃതമായി അപ്‌ലോഡ് ചെയ്യേണ്ടതാണ്. അപ്‌ലോഡ് ചെയ്യുന്ന രേഖകളുടെ അസ്സൽ പകർപ്പുകൾ അഡ്മിഷൻ സമയത്ത് ഹാജരാക്കേണ്ടതാണ്. **ഓൺലൈൻ അപേക്ഷയുടെ കൺഫർമേഷൻ പേജും അനുബന്ധ രേഖകളും പ്രവേശന പരീക്ഷാ കമ്മീഷണർക്ക് അയയ്ക്കേണ്ടതില്ല.** അപേക്ഷ ഫോം, പ്രോസ്പെക്ടസ് എന്നിവ ഫാർമസി കോളേജുകളിൽ നിന്നോ പ്രവേശന പരീക്ഷാ കമ്മീഷണറുടെ ഓഫീസിൽ നിന്നോ ലഭിക്കുന്നതല്ല.

6. **അപേക്ഷാ ഫീസ്:** ജനറൽ/സർവ്വീസ് വിഭാഗത്തിന് 600/- രൂപയും, പട്ടിക ജാതി/പട്ടികവർഗ്ഗ വിഭാഗക്കാർക്ക് 300/- രൂപയുമാണ് അപേക്ഷാ ഫീസ്. അപേക്ഷ ഫീസ് ഓൺലൈൻ പേയ്മെന്റ് ഗേറ്റ് വേയിലൂടെ ഇന്റർനെറ്റ് ബാങ്കിംഗ്, ക്രെഡിറ്റ് കാർഡ്, ഡെബിറ്റ് കാർഡ് മുഖേനയോ, ഓൺലൈൻ അപേക്ഷാ സമർപ്പണവേളയിൽ ലഭിക്കുന്ന ചെലാൻ ഉപയോഗിച്ച് കേരളത്തിലെ തെരഞ്ഞെടുത്ത ഹെഡ് പോസ്റ്റോഫീസ് മുഖാന്തിരമോ ഒടുക്കാവുന്നതാണ്. (ഹെഡ് പോസ്റ്റോഫീസുകളുടെ ലിസ്റ്റ് വെബ് സൈറ്റിൽ ലഭ്യമാണ്)

7. **സർവ്വീസ് വിഭാഗത്തിലുള്ളവരുടെ അപേക്ഷകൾ:** സർവ്വീസ് വിഭാഗത്തിലുള്ള അപേക്ഷാർത്ഥികൾ ഓൺലൈനായി അപേക്ഷ സമർപ്പിക്കുന്നതിനു പുറമെ പ്രോസ്പെക്ടസ് ക്ലോസ് 9.2.5- ൽ പറഞ്ഞിട്ടുള്ള രേഖകൾ സഹിതം കൺഫർമേഷൻ പേജിന്റെ പ്രിന്റൗട്ട് **25.03.2021 വൈകുന്നേരം 5 മണിയ്ക്ക്** മുൻപ് അതാത് കൺട്രോളിംഗ് ആഫീസർക്ക് സമർപ്പിക്കേണ്ടതാണ്. താമസിച്ച് ലഭിക്കുന്നതും ന്യൂനതകളുള്ളതും അപൂർണ്ണവുമായ അപേക്ഷകൾ നിരസ്സിക്കുന്നതാണ്. ഇത് സംബന്ധിച്ച് യാതൊരു വിധ കത്തിടപാടുകളും നടത്തുന്നതല്ല.

8. സർവ്വീസ് ക്വാട്ട ഉൾപ്പെടെ എല്ലാ സീറ്റുകളിലേക്കുമുള്ള തെരഞ്ഞെടുപ്പ്, സീറ്റ് അലോട്ട്മെന്റ് എന്നിവ കേന്ദ്രീകൃത അലോട്ട്മെന്റ് പ്രക്രിയയിലൂടെ സർക്കാർ അംഗീകരിച്ച പ്രോസ്പെക്ടസിലെ വിവിധ നിബന്ധനകൾക്ക് വിധേയമായി പ്രവേശന പരീക്ഷാ കമ്മീഷണർ നടത്തുന്നതാണ്.

9. ഓൺലൈൻ അപേക്ഷ സമർപ്പിക്കുന്നതിന് മുമ്പ് അപേക്ഷാർത്ഥികൾ www.cee.kerala.gov.in എന്ന വെബ്സൈറ്റിൽ ലഭ്യമായ 2020 ലെ ബിരുദാനന്തര ബിരുദ ഫാർമസി കോഴ്സിലെ പ്രവേശനത്തിനുള്ള പ്രോസ്പെക്ടസിലെ വിശദാംശങ്ങൾ ശ്രദ്ധിക്കേണ്ടതാണ്.

ഹെൽപ്പ് ലൈൻ നമ്പർ : 0471 2525300

തിരുവനന്തപുരം
17.03.2021

**പ്രവേശന പരീക്ഷാ കമ്മീഷണർ**